## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *319 24.06.2013 ൽ മറുപടിക്ക്

## ആറന്മുള എയർപോർട്ട് ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ:<br>" രാജു എബ്രഹാം:<br>" കെ. സുരേഷ് കുറുപ്പ്:<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | ശ്രീ. കെ.ബാബു.<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവളത്തിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എയർപോർട്ട് ആരംഭിക്കാൻ എന്തെല്ലാം അനുമതികൾ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട് ; | (എ) | ഇല്ല. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ പാരിസ്ഥിതിക പഠനം നടത്തിയതായി പദ്ധതിയുടെ പ്രമോട്ടർ അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചതായി കാണുന്നില്ല. Expert Appraisal Committee for Infrastructure Development, Coastal Regulation Zone and Miscellaneous Project, ചില വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതിക്കുള്ള പാരിസ്ഥിതിക ക്ലിയറൻസിനു ശുപാർശ ചെയ്തതായി പദ്ധതിയുടെ പ്രമോട്ടർ അറിയിച്ചിട്ടുണ്ട്. മറ്റ് ആവശ്യമായ അനുമതികളെല്ലാം ലഭിച്ചതായും പ്രമോട്ടർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിർദ്ദിഷ്ട എയർപോർട്ടിന് എത്ര ഏക്കർ ഭൂമി ആവശ്യമാണ് ; | (ബി) | ഏകദേശം 500 ഏക്കർ ഭൂമി വേണ്ടി വരുമെന്നാണ് പ്രമോട്ടർ കണക്കാക്കി യിരിക്കുന്നത്. |
| (സി) | ആവശ്യമായ അത്രയും ഭൂമിയോ, അനുമതികളോ ഇല്ലാതെ ജനങ്ങളുടെ എതിർപ്പിനെ വകവയ്ക്കാതെ, എയർപോർട്ട് കമ്പനിയിൽ 10 ഷെയർ എടുക്കാൻ സർക്കാർ ധൃതി പിടിച്ച് തീരുമാനമെടുത്തിട്ടുണ്ടോ ; | (സി) | ആറന്മുളയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് എയർപോർട്ടിന് നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി കണ്ടെത്തേണ്ടതാണ് എന്ന വ്യവസ്ഥയോടെയാണ് 09.09.2010- ൽ സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നല്കിയത്. കൂടാതെ വിമാനത്താവള ത്തിനായുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ലാന്റ് സീലിംഗ്, കയ്യേറ്റം, അധികഭൂമി എന്നീ കാര്യങ്ങൾ 2008 ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റേയും 1963 ലെ ഭൂപരിഷ്കരണ നിയമത്തിന്റേയും വെളിച്ച ത്തിൽ പരിശോധിക്കുകയും പ്രസക്തമായ നിയമങ്ങൾക്കനുസരിച്ച് ആവശ്യമായ ക്ലിയറൻ സുകൾ എയർപോർട്ട് പ്രമോട്ടർ നേടണം എന്നുമുള്ള നിബന്ധനകൾ പ്രകാരമേ പ്രമോട്ടർ പദ്ധതി നടപ്പിലാക്കാവു എന്ന് തീരുമാനിച്ചിട്ടുണ്ട്. ആറന്മുള എയർപോർട്ട് കമ്പനിയിൽ സൗജന്യമായി 10 % ഓഹരി യെടുക്കുവാൻ സർക്കാർ ധൃതി പിടിച്ച് തീരുമാനമെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പത്തനംതിട്ട ജില്ലാ കളക്ടർ എയർപോർട്ടുമായി ബന്ധപ്പെട്ട് 2013 ജനുവരി 1 നു ശേഷം സർക്കാരിന് അയച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | അനുബന്ധം 1 മുതൽ 9 വരെ വച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

അനുബന്ധം

| അനുബന്ധ സൂചിക | | | |
|---|---|---|---|
| അനുബന്ധം നമ്പർ | കത്ത് നമ്പർ & തീയതി | സ്വീകർത്താവ് | പേജുകളുടെ എണ്ണം |
| 1 | C8-21169/13, 21/06/2013 | ഗതാഗത വകുപ്പ് | 1 |
| 2 | C10-8326/12, 21/01/2013 | ലാന്റ് റവന്യൂ കമ്മീഷണർ | 4 |
| 3 | C8-51855/09, 30/01/2013 | വ്യവസായ വകുപ്പ്, ഗതാഗത വകുപ്പ്, കൃഷി വകുപ്പ് | 3 |
| 4 | C8-4365/13, 08/02/2013 | ലാന്റ് ബോർഡ് | 19 |
| 5 | C8-51855/09, 12/02/2013 | ലാന്റ് റവന്യൂ കമ്മീഷണർ | 3 |
| 6 | C8-51855/09, 22/02/2013 | വ്യവസായ വകുപ്പ് | 11 |
| 7 | C8-51855/09, 17/04/2013 | ഗതാഗത വകുപ്പ് | 4 |
| 8 | C8-51855/09,25/04/2013 | റവന്യൂ വകുപ്പ് | 4 |
| 9 | C8-51855/05, 27/04/2013 | റവന്യൂ വകുപ്പ് | 4 |

സെക്ഷൻ ഓഫീസർ